# മദ്യത്തിൽ മുങ്ങുന്ന കേരളം

● റഹ്മാൻ മധുരക്കുഴി

"കേരളത്തിലെ ഒന്നല്ല; രണ്ടല്ല, 150 ഗ്രാമങ്ങളിൽ ആളുകളുടെ മുഖ്യ തൊഴിൽ വ്യാജവാറ്റ് തന്നെ! കേരളത്തിനു പുറത്തുള്ള പ്രമുഖ കമ്പനികളുടെ ലേബൽ ഒട്ടിച്ച വ്യാജ വിദേശമദ്യം നിർമിക്കുന്ന അധോലോക ബോട്ട്ലിംഗ് യൂനിറ്റുകൾ മലപ്പുറമടക്കം കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. മുറുക്കാൻ കടകളും ചായക്കടകളും മദ്യവിൽപന കേന്ദ്രങ്ങളായി മാറിയിരിക്കുന്നു." കേരള ദേശീയ വേദിയുടെ ഒരു പഠന റിപ്പോർട്ട് വർഷങ്ങൾക്കു മുമ്പ് പുറത്തുവിട്ട വിവരങ്ങളാണ് മുകളിലുദ്ധരിച്ചത്. മദ്യനിരോധത്തിന്റെ ഉജ്ജ്വല വക്താക്കളായിരുന്ന ഗാന്ധിജി-ശ്രീനാരായണ ഗുരു ശിഷ്യരും മദ്യം തിന്മയുടെ മാതാവെന്ന് പഠിപ്പിച്ച മുഹമ്മദ് നബി(സ)യുടെ അനുയായികളും കൂടിക്കലർന്ന ജനകീയ ജനാധിപത്യ മുന്നണി സർക്കാർ നാട് വാണിരുന്ന പോയ കാലത്തെ സ്ഥിതിവിശേഷമാണിത്.

"കേരള സംസ്ഥാനത്ത് ചാരായ ഷാപ്പുകൾ ഇല്ലാതായെങ്കിലും എല്ലാ വീടുകളും ചാരായ ഷാപ്പുകളായി മാറിയ സ്ഥിതിയാണുള്ളത്" എന്നായിരുന്നു കല്ലുവാതുക്കൽ മദ്യദുരന്തം അന്വേഷിച്ച ജസ്റ്റിസ് വി.പി മോഹൻ കുമാർ പറഞ്ഞത് (*കേരളകൗമുദി* 2002 ഡിസംബർ 24). 1990-ൽ കേരളത്തിലെ മൊത്തം മദ്യപന്മാരിൽ 2% മാത്രമായിരുന്നു 20 വയസ്സിൽ താഴെയുള്ളവരെങ്കിൽ, 2002-ൽ നടത്തിയ പഠനത്തിൽ അത് 12% ആയി വർധിച്ചു. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 15% മദ്യപിക്കുമ്പോൾ, കേരളത്തിലത് ജനസംഖ്യയുടെ 16% ആണ്.

ആളോഹരി മദ്യപാനം രാജ്യത്ത് ഏറ്റവും കൂടുതൽ ഇന്ന് കേരളത്തിലാണ്. മദ്യവാറ്റും ഷാപ്പുകളും സുലഭമായതാണ് ഇതിന്റെ മുഖ്യകാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കൗമാരക്കാരിൽ മദ്യ-മയക്കുമരുന്ന് ഉപഭോഗം വൻതോതിൽ വർധിച്ചതായി കോഴിക്കോട് മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം നടത്തിയ പഠനത്തിൽ കണ്ടെത്തുകയുണ്ടായി. 10-നും 15-നും ഇടയിൽ പ്രായമുള്ളവരിൽ 10 ശതമാനം മദ്യ-മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണ്. ഇന്ത്യയിൽ ആത്മഹത്യയിലും ഒന്നാം സ്ഥാനം കേരളത്തിനാണ്. ആത്മഹത്യക്ക് പ്രധാന കാരണം കുടുംബശൈഥില്യം. ഇതിൽ മുഖ്യവില്ലൻ മദ്യം.

മദ്യനയത്തിൽ വ്യത്യസ്തവും ജനക്ഷേമകരവുമായ നിലപാട് സ്വീകരിക്കുമെന്ന പ്രതിജ്ഞയോടെ അധികാരത്തിൽവന്ന ഇടതുപക്ഷ സർക്കാർ, കൊമ്പൻപോയ വഴിയെ മോഴയും എന്ന മട്ടിലാണ് മുന്നോട്ട് പോവുന്നത്. ഫലമോ? ദൈവത്തിന്റെ സ്വന്തം നാടായ കേരളം മദ്യത്തിൽ മുങ്ങിത്താഴുകയാണ്. 'മദ്യലഹരി'യിലാറാടാൻ മലയാളി ഇടിച്ചു തള്ളുന്നത് ഒരു വർഷം 12000 കോടി രൂപ! ലോകത്ത് ഏറ്റവും കൂടുതൽ മദ്യാസക്തിയുള്ള ജനത തിങ്ങിപ്പാർക്കുന്ന നാട് - നമ്മുടെ കേരളം! മദ്യ ഉപഭോഗത്തിൽ ഇന്ത്യയിൽ നമ്പർ വൺ കേരളം! പുരുഷന്മാരിൽ 60% മദ്യപാന തൽപരർ! എക്സൈസ് വകുപ്പിന്റെ ഔദ്യോഗിക രേഖകൾ പ്രകാരം കേരളത്തിൽ 10 കോടി ലിറ്റർ വിദേശ മദ്യവും 30 കോടിയോളം ലിറ്റർ കള്ളും വിറ്റഴിക്കപ്പെടുന്നു. അനധികൃത മദ്യവിൽപന ഇതിനൊപ്പമെത്തും.

3000 കോടി രൂപയുടെ വിദേശമദ്യം കേരളം ഒരുവർഷം കുടിച്ചുതീർക്കുന്നുവെന്നാണ് ഔദ്യോഗിക കണക്ക്. ബീവറേജസ് കോർപറേഷൻ വഴി വിതരണം ചെയ്യുന്ന നാടൻ വിദേശ മദ്യത്തിന്റെ കൂടാതെ, നാടൻ കള്ളവാറ്റിന്റെയും കട്ട് കടത്തുന്ന സ്പിരിറ്റിന്റെയും വ്യാജ നിർമിത വിദേശ മദ്യത്തിന്റെയും സാക്ഷാൽ കള്ളിന്റെയും കൂടി കണക്കെടുത്താൽ കോടികൾ എത്രയോ ഇരട്ടിയാവും. ഇക്കഴിഞ്ഞ ഓണ നാളുകളിൽ ലഹരി നുണയാൻ കേരളീയർ 250 കോടി രൂപയെങ്കിലും ചെലവഴിച്ചുകാണുമെന്നാണ് പറയുന്നത്. ബീവറേജസ് കോർപറേഷന്റെ വിറ്റുവരവ് മാത്രം 127.50 കോടി രൂപ. ഓണവും ക്രിസ്മസും വിഷുവും പുതുവത്സരപിറവിയും എല്ലാമെല്ലാം മദ്യാഭിഷേക ദിനങ്ങളായി മാറുകയാണ്.

"മദ്യ മാഫിയയുടെ നീരാളിപ്പിടിത്തത്തിലാണ് ഇന്ന് അബ്കാരി രംഗം. സംസ്ഥാന ബീവറേജസ് കോർപറേഷൻ വിൽക്കുന്നതിന്റെ ഇരട്ടി മദ്യവിൽപന ഈ സംഘം നടത്തുന്നുണ്ട്. സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതിന്റെ ഇരട്ടി കള്ള് എത്തിക്കുന്നതിനു പിന്നിലും മാഫിയ തന്നെ. ബീവറേജസ് കോർപറേഷന്റെ കഴിഞ്ഞ 6 മാസത്തെ വിറ്റുവരവിലുണ്ടായ വർധന ഇത് തെളിയിക്കുന്നു. കഴിഞ്ഞ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 1533 കോടിയാണ് വിറ്റുവരവ്. സർവകാല റെക്കോർഡാണിത്" (സർവശക്തമായ മാഫിയ, *ദേശാഭിമാനി* വാരിക 2006 നവംബർ 19). പാർട്ടി വാരിക എടുത്തുകാട്ടുന്ന ഈ അവസ്ഥാവിശേഷം മദ്യമാഫിയ പിടിമുറുക്കിയ നമ്മുടെ നാടിന്റെ ഭീകര ചിത്രം അനാവരണം ചെയ്യുന്നു. സംസ്ഥാനത്തിന് ഏറ്റവുമധികം റവന്യൂ വരുമാനമുണ്ടാക്കിത്തരുന്ന - രാഷ്ട്രീയക്കാർക്ക് ഏറ്റവുമധികം സംഭാവന ലഭിക്കുന്ന മദ്യലോബിക്കു മുന്നിൽ ഇടതും വലതും പാർട്ടികൾ ഒരുപോലെ അർഥഗർഭമായ നിസ്സംഗതയിലാണ്.

വ്യാജമദ്യവും സ്പിരിറ്റും പെട്ടിക്കടകളിൽ പോലും സുലഭം. കരമാർഗം മാത്രമല്ല; ബോട്ടുകൾ, സ്പീഡ്ലോഞ്ചുകൾ എന്നിവയിലൂടെ ജലമാർഗേണയും പുറത്തുനിന്ന് വ്യാജമദ്യമെത്തുന്നു. ഇതൊക്കെ കർശനമായി തടയുമെന്ന് വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്നവർ, എ.ഡി.ബി, പൂമൂടൽ തർക്കങ്ങളുമായി കലഹിച്ചു കഴിയുന്നു! കേരളത്തിലേക്കുള്ള സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യ വിതരണവും കർശനമായി തടയുമെന്ന എക്സൈസ് മന്ത്രി ഗുരുദാസന്റെ പത്രസമ്മേളന പ്രസ്താവന ജലരേഖ മാത്രം!

ഉദയഭാനു കമീഷന്റെ അടിസ്ഥാനത്തിൽ കള്ള് വ്യവസായത്തിന് ഗുണപരമായ നടപടികൾ സ്വീകരിക്കുമെന്ന് എൽ.ഡി.എഫ് പ്രകടന പത്രിക പറയുന്നു. ഷാപ്പുകളുടെ എണ്ണം ക്രമേണ കുറച്ചു കൊണ്ടുവരണമെന്ന ഉദയഭാനു കമീഷൻ ശിപാർശ, യു.ഡി.എഫ് സർക്കാർ പൂട്ടിയിട്ട 1610 ഷാപ്പുകൾ വീണ്ടും തുറന്നുകൊണ്ടാണ് പ്രാവർത്തികമാക്കാൻ പോവുന്നത്! ഷാപ്പുകളുടെ എണ്ണം കൂടുമ്പോൾ കുടിയന്മാരുടെ എണ്ണം കൂടുകയും കൂടുതൽ കുടിയന്മാർ ഉണ്ടാവുകയും ചെയ്യുമെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്?

മദ്യം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരുമെന്ന് വാഗ്ദത്തം ചെയ്ത സർക്കാർ, പൂട്ടിയ ഷാപ്പുകൾ തുറക്കുകയും പുതുതായി ബിയർ, വൈൻ പാർലറുകൾ അനുവദിക്കുകയും സഹകരണ സംഘങ്ങൾക്ക് ഷാപ്പുകൾ നൽകുകയും ചെയ്യുന്നത് മദ്യവ്യാപനം കുറച്ചുകൊണ്ടുവരാനുള്ള നടപടികളാണോ? മദ്യത്തിനെതിരെ ഒരിടത്തും ബോധവൽക്കരണം നടക്കുന്നുമില്ല.

നാടിന്റെ ഒരു ഭാഗത്ത് മദ്യവ്യാപാരം പൊടിപൊടിക്കുന്നു! മറുഭാഗത്താവട്ടെ, മദ്യപാനം മൂലം ഉണ്ടാവുന്ന രോഗ ചികിത്സക്ക് കോടികൾ ചെലവഴിക്കുകയും. എവിടെ മദ്യമാഫിയക്കെതിരെ കർശന നടപടി എന്ന വജ്രായുധം?

മദ്യവ്യാപാരത്തിൽ നിന്ന് സർക്കാറിന് കിട്ടുന്ന 450 കോടി രൂപയുടെ റവന്യൂവരുമാനത്തിന്റെ അഞ്ചിരട്ടി സംഖ്യ മദ്യപാന രോഗ ചികിത്സക്കായി (എയിഡ്സ്, മനോരോഗം, കാൻസർ, കരൾ രോഗം, ഹൃദ്രോഗം) സർക്കാർ തന്നെ ചെലവാക്കുന്നു. ഇവിടുത്തെ വാഹനാപകടങ്ങളിൽ 450 കോടി രൂപ വർഷംതോറും ഗവൺമെന്റിന് ചെലവാകുന്നുവെന്ന് നാറ്റ് പാക്-കോ-ഓർഡിനേറ്റർ പറയുന്നു! റോഡപകടത്തിന്റെ 25-28 ശതമാനവും മദ്യപാനം മൂലമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. സംസ്ഥാന സർക്കാറുകളുടെ റവന്യൂവരുമാനം വർധിപ്പിക്കാനാണ് മദ്യവ്യാപാരം എന്ന ന്യായം വസ്തുതാപരമായി തെറ്റാണെന്നല്ലേ, ജനത്തെ കള്ള് കുടിപ്പിച്ച് വരുമാനമുണ്ടാക്കുന്ന ഈ നഷ്ടക്കച്ചവടം നമ്മെ ബോധ്യപ്പെടുത്തുന്നത്.

മദ്യപാനത്തിന്റെ ഭീകരമായ പ്രത്യാഘാതം കണക്കിലെടുത്ത്, സുപ്രീംകോടതി 2006 ഏപ്രിൽ 2-ന് എല്ലാ സംസ്ഥാന സർക്കാറുകളോടും ഭരണ ഘടനയുടെ 47-ാം വകുപ്പ് അനുസരിച്ച് മദ്യനിരോധം നടപ്പാക്കാൻ മുന്നോട്ടുവരണമെന്ന് കർശനമായി ആവശ്യപ്പെട്ടതിന്റെ പ്രചോദനം സുതരാം വ്യക്തം. "ഈ പാപത്തിന്റെയും, പാതകത്തിന്റെയും പ്രധാന ഇരകൾ സ്ത്രീകളും കുട്ടികളുമാണ്" (*ദേശാഭിമാനി* വാരിക, 2006 നവംബർ 19). കുടിയന്മാരായ ഭർത്താക്കന്മാരിൽനിന്ന് സ്ത്രീകൾക്കും കുട്ടികൾക്കും മോചനം ലഭിക്കാതെ വനിതാ വിമോചനം സാധ്യമാവുമോ? ■